# പ്രാർത്ഥന അല്ലാഹുവിനോട് മാത്രം



ഇബ്രാഹിം നബി(അ) നെപ്പറ്റി കേട്ടിരിക്കുമല്ലോ. വളരെ പ്രായമായിട്ടും അദ്ദേഹത്തിന് സന്താനങ്ങളുണ്ടായില്ല. സാധാരണഗതിയിൽ സന്താനങ്ങളുണ്ടാകുന്ന പ്രായം കഴിഞ്ഞു. പക്ഷേ അദ്ദേഹം നിരാശനായില്ല. അല്ലാഹുവിനോട് പ്രാർത്ഥിച്ചു.

رَبِّ هَبْ لِي مِنَ الصَّالِحِينَ (سورة الصّافّات – 100)

"എന്റെ രക്ഷിതാവേ! എനിക്ക് നീ സദ്‌വൃത്തൻമാരിൽ പെട്ടവരെ പ്രദാനം ചെയ്യേണമേ!" (37 : 100)

ഈ പ്രാർത്ഥനയുടെ ഫലമായിട്ടാണ് ഇസ്മാഈൽ(അ)യും ഇസ്ഹാഖ്(അ)യും ജനിച്ചത്.

അയ്യൂബ്(അ) മറ്റൊരു പ്രവാചകനായിരുന്നു. അദ്ദേഹത്തിന് ഒരു വലിയ രോഗം ബാധിച്ചു. കുറേ കാലം ക്ഷമയോടെ സഹിച്ചു കഴിഞ്ഞുകൂടി. അവസാനം അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിച്ചു. തത്ഫലമായി ആ കഷ്ടപ്പാടിൽ നിന്ന് അല്ലാഹു അദ്ദേഹത്തെ രക്ഷിച്ചു.

നബിമാർ മനുഷ്യരിൽ ഏറ്റവും ശ്രേഷ്ഠരാണല്ലോ. എന്നിട്ടും എന്തുകൊണ്ടാണ് ഈ നബിമാർക്ക് തങ്ങളുടെ ആവശ്യങ്ങൾ സ്വയം നേടുവാൻ കഴിയാതെ പോയത്? എന്തുകൊണ്ടാണ് അവർ അല്ലാഹുവിനോട് തന്നെ പ്രാർത്ഥിച്ചത്? അവരുടെ മുമ്പ് മൺമറഞ്ഞുപോയ നബിമാർ ഉണ്ടായിരുന്നുവല്ലോ? അവരോട് പ്രാർത്ഥിക്കാമായിരുന്നില്ലേ? ശരി, നബിമാർ മനുഷ്യരുടെ കൂട്ടത്തിൽ ശ്രേഷ്ഠൻമാർ തന്നെ. ആ കാര്യത്തിൽ സംശയമില്ല. പക്ഷേ അവരും അല്ലാഹുവിൻെറ സൃഷ്ടികൾ മാത്രമാണ്. സൃഷ്ടികളിൽ ഒരാൾക്കും ആ വിധത്തിലുള്ള ഒരു കഴിവും അല്ലാഹു നൽകിയിട്ടില്ല.



നമ്മുടെ പ്രാർത്ഥന കേട്ട്, അതിന് ഉത്തരം നൽകാനുള്ള കഴിവ് അല്ലാഹുവിന് മാത്രമേയുള്ളൂ. ഏത് സ്ഥലത്തു വെച്ചും, എന്ത് ആവശ്യത്തിനും ഏതൊരാൾക്കും അവനോട് പ്രാർത്ഥിക്കാം. ഏത് ഭാഷയിലും ഏത് സമയത്തും പ്രാർത്ഥിക്കാം. ഈ ലോകത്ത് ഒരുപാട് മനുഷ്യരുണ്ട്. വളരെയേറെ ഭാഷകളും ഉണ്ട്. അവരെല്ലാവരും കൂടി ഒരേ സമയത്ത് വിവിധ ആവശ്യങ്ങൾക്കായി പല ഭാഷകളിൽ അവനോട് പ്രാർത്ഥിക്കുന്നു. എങ്കിൽ അതെല്ലാം വെവ്വേറെ കേട്ട് ഉത്തരം നൽകാൻ അവന് കഴിയുന്നു. അതാണ് അല്ലാഹുവിൻെറ പ്രത്യേകത. സൃഷ്ടികളിൽ ഒരാൾക്കും - അദ്ദേഹം എത്ര മഹാനായിരിക്കട്ടെ - ഈ പ്രത്യേകതയില്ല. അതുകൊണ്ട് ഒരാൾക്കും മറ്റുള്ളവരുടെ പ്രാർത്ഥന കേട്ട് ഉത്തരം നൽകുവാനുള്ള കഴിവുമില്ല. ഉറങ്ങിക്കിടക്കുമ്പോൾ അടുത്തു നിന്നു വിളിച്ചാൽ തന്നെ കേട്ടുകൊള്ളണമെന്നില്ല. ബോധമില്ലാതെ കിടക്കുകയാണെങ്കിൽ കേൾക്കുകയില്ല തന്നെ. മരിച്ചു കഴിഞ്ഞാൽ കേൾക്കുകയില്ലെന്ന കാര്യം പറയേണ്ടതുമില്ല. പിന്നെ ഭാഷ മനസ്സിലാകേണ്ടതുണ്ട്. അതിനും പുറമേ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുവാൻ കഴിയേണ്ടതുമില്ലേ ? ഇബ്രാഹിം നബി (അ) സന്താനത്തിനു

വേണ്ടിയാണല്ലോ പ്രാർത്ഥിച്ചത്! സന്താനത്തെ സൃഷ്ടിക്കുവാൻ അല്ലാഹുവിനല്ലാതെ മറ്റാർക്കെങ്കിലും കഴിയുമോ?

അതുകൊണ്ട് അല്ലാഹുവിനോട് മാത്രമേ പ്രാർത്ഥിക്കുവാൻ പാടുള്ളൂ. അവനോടൊപ്പം മറ്റാരോടും പ്രാർത്ഥിച്ചുകൂടാ. അല്ലാഹു ഖുർആനിൽ പറയുന്നു:

فَلاَ تَدْعُوا مَعَ اللَّهِ أَحَدًا (سورة الجن : 18)

"അതിനാൽ നിങ്ങൾ അല്ലാഹുവിനോടൊപ്പം ആരെയും വിളിച്ച് പ്രാർത്ഥിക്കരുത്." (72 : 18 )

സൃഷ്ടികളോട് പ്രാർത്ഥിക്കുന്നത് ശിർക്കാണ്. അല്ലാഹുവിനു മാത്രം അവകാശപ്പെടുന്ന ആരാധനയിൽ മറ്റുള്ളവരെ പങ്കു ചേർക്കലാണത്. തൗബ കൂടാതെ അല്ലാഹു ഒരിക്കലും പൊറുത്തു തരാത്ത മഹാപാപമാണ് ശിർക്ക്. അതിനാൽ നാം ഏറ്റവുമധികം സൂക്ഷിക്കേണ്ട പാപവും ശിർക്കു തന്നെ.

قُلْ إِنَّمَا أَدْعُوا رَبِّي وَلاَ أُشْرِكُ بِهِ أَحَدًا

(سورة الجن : 20)

"പറയുക, ഞാൻ എന്റെ രക്ഷിതാവിനോട് മാത്രമേ പ്രാർത്ഥിക്കുകയുള്ളൂ. അവനോട് യാതൊന്നിനേയും ഞാൻ പങ്കുചേർക്കുകയില്ല."(72 :20)

നിങ്ങൾ മാതാക്കളോട് പല കാര്യങ്ങളും ആവശ്യപ്പെടാറുണ്ടല്ലോ. പക്ഷേ തുടർച്ചയായി ആവശ്യപ്പെട്ടു കൊണ്ടിരുന്നാൽ ചിലപ്പോൾ അവർ കോപിച്ചെന്നു വരാം. എന്നാൽ പരമകാരുണികനായ അല്ലാഹു ഒരിക്കലും അങ്ങിനെയല്ല. തന്റെ അടിമകളുടെ പ്രാർത്ഥനകൾ സ്വീകരിക്കുവാൻ അവൻ സന്തോഷത്തോടെ കാത്തിരിക്കുകയാണ്. അവരുടെ ആവശ്യങ്ങൾ തന്നോട് നേരിട്ട് ചോദിച്ചു കൊണ്ടിരിക്കുന്നത് അവന് വളരെ ഇഷ്ടമാണ്. അവനോട് ചോദിക്കാതിരിക്കുന്നത് അവന് കോപമുള്ള കാര്യമാണ്. അതുകൊണ്ട് നാം എപ്പോഴും അല്ലാഹുവിനോട് പ്രാർത്ഥിച്ചു കൊണ്ടിരിക്കണം. നല്ലവണ്ണം പഠിക്കുവാൻ അവൻ നമ്മെ സഹായിക്കട്ടെ. പഠിച്ച നല്ല കാര്യങ്ങൾ ജീവിതത്തിൽ പകർത്താൻ അവൻ നമുക്ക് തൗഫീഖ് നൽകട്ടെ.

കടപ്പാട്

കേരള നദ്‌വത്തുൽ മുജാഹിദീൻ വിദ്യഭ്യാസ ബോർഡ്